കൂടാതെ ലോവർ മീൻമുട്ടി, പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായി. ആലംപാറത്തോട്, തൂവല്ലാൽ, ചെറുവ, മാടത്തരുവി എന്നീ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായി വരുന്നു. മറ്റു പത്ത് പദ്ധതികളുടെ അന്വേഷണവും പഠനവും നടന്നു വരുന്നു.

(ഇ) ചൈനീസ് സഹായത്തോടുകൂടി വൈദ്യുതി ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 16 പദ്ധതികൾക്ക് ചൈനയുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണം പ്രതീക്ഷിക്കുന്നു. യന്ത്ര സാമഗ്രികളുടെ വിലയുടെ 85 ശതമാനം എക്സ്പോർട്ട് ക്രെഡിറ്റായി സഹായം കിട്ടുന്നതാണ്.

പണി പൂർത്തിയാക്കിയ വൈദ്യുതി പദ്ധതികൾ

95 (2673) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയതും പണി തുടങ്ങിയതുമായ ഏതെങ്കിലും വൈദ്യുത പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലത്ത് പണി പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകി പണി തുടങ്ങിയതും ഈ ഗവൺമെന്റിന്റെ കാലത്ത് പണി പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിച്ചതുമായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1.	മാട്ടുപ്പെട്ടി	2 മെഗാവാട്ട്.
2.	പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക്	16 മെഗാവാട്ട്.
3.	ബ്രഹ്മപുരം ഡീസൽ താപനിലയം	160.6മെഗാവാട്ട്.

ഈ നിലയങ്ങളിൽ നിന്നും 1999-2000 മൺസൂൺ വർഷത്തിൽ (1999 ജൂൺ മുതൽ 2000 ഫെബ്രുവരി വരെ) ഉല്പാദിപ്പിച്ച വൈദ്യുതി താഴെ പറയും പ്രകാരമാണ്.

1.	മാട്ടുപ്പെട്ടി	1.618 മില്യൻയൂണിറ്റ്.
2.	പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക്	65.2573 മില്യൻ യൂണിറ്റ്.
3.	ബ്രഹ്മപുരം താപനിലയം	233.554 മില്യൻ യൂണിറ്റ്.

LIBRARY ARCHIVES Kerala Legislative Assembly